**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 663** **11-06-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്വിഫ്റ്റ് ഓൺലൈൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കെ -സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനത്തിൽ എത്ര വകുപ്പുകളെയാണ് ഏകജാലക സംവിധാനത്തിനായി ഏകോപിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | സർക്കാരിന്റെ 20 വകുപ്പുകൾ ബിസിനസ്സാവശ്യങ്ങൾക്കായി നൽകി വരുന്ന വിവിധ അനുമതികളാണ് (പെർമിറ്റ്/ലൈസൻസ്/ എൻ.ഒ.സി/ രജിസ്ട്രേഷൻ), നിലവിൽ കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ സംരംഭകർക്ക് ലഭ്യമാക്കുന്നത്. സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി (SEIAA) നൽകുന്ന എൻവയോൺമെന്റ് ക്ലിയറൻസ് എന്ന സേവനം, കേന്ദ്ര സർക്കാരിന്റെ 'പരിവേഷ്' പോർട്ടലിലൂടെ മാത്രം നൽകാനുള്ള തീരുമാനമെടുത്തതിനാൽ പ്രസ്തുത സേവനമിപ്പോൾ കെ-സ്വിഫ്റ്റിലൂടെ നൽകുന്നില്ല. നിലവിൽ കെ-സ്വിഫ്റ്റിലൂടെ സേവനങ്ങൾ നൽകുന്ന വകുപ്പുകളുടെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു:- |

| നം. | വകുപ്പ്/ഏജൻസി |
|---|---|
| 1 | കൃഷി വകുപ്പ് |
| 2 | പുരാവസ്തു വകുപ്പ് |
| 3 | വിദ്യാഭ്യാസ വകുപ്പ് |
| 4 | വനം വന്യജീവി വകുപ്പ് |
| 5 | ആരോഗ്യ വകുപ്പ് |
| 6 | മൈനിങ് ആന്റ് ജിയോളജി വകുപ്പ് |
| 7 | ഡ്രഗ്സ് കൺട്രോൾ വകുപ്പ് |
| 8 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| 9 | എക്സൈസ് വകുപ്പ് |
| 10 | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് |
| 11 | ഫയർ ആന്റ് റെസ്ക്യു |
| 12 | ഭൂഗർഭ ജല വകുപ്പ് |
| 13 | വ്യവസായ വകുപ്പ് |

| | |
|---|---|
| 14 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |
| 15 | കേരള വാട്ടർ അതോറിറ്റി |
| 16 | തൊഴിൽ വകുപ്പ് |
| 17 | ലീഗൽ മെട്രോളജി |
| 18 | തദ്ദേശ സ്വയം ഭരണ വകുപ്പ് – പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 19 | തദ്ദേശ സ്വയം ഭരണ വകുപ്പ് – അർബൻ ഡയറക്ടറേറ്റ് |
| 20 | മലിനീകരണ നിയന്ത്രണ ബോർഡ് |

ഇവകൂടാതെ, കേന്ദ്ര സർക്കാരിന്റെ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ 2024-ൽ നിർദ്ദേശിച്ചിരിക്കുന്ന പരിഷ്കാരങ്ങൾ പ്രകാരം റവന്യൂ, രജിസ്ട്രേഷൻ, ഇറിഗേഷൻ തുടങ്ങിയ വകുപ്പുകളുടെ സേവനങ്ങളും, നിലവിലുള്ള വകുപ്പുകളുടെ കൂടുതൽ സേവനങ്ങളും കെ-സ്വിഫ്റ്റിലൂടെ നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ